REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-10-2023 സമയം 12.30 PM

## പ്രധാന വാർത്തകൾ

- മിന്നൽ പ്രളയം നേരിട്ട സിക്കിമിന് 45 കോടി രൂപ അടിയന്തര കേന്ദ്ര സഹായം.
- പലിശ നിരക്കിൽ മാറ്റമില്ലാതെ റിസർവ്വ് ബാങ്കിന്റെ സാമ്പത്തിക നയപ്രഖ്യാപനം.
- ഇന്നലെ അന്തരിച്ച CITU നേതാവ് ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകീട്ട് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ.
- A.I ക്യാമറകൾ അപകടങ്ങൾ കുറച്ചെന്ന വാദം തെറ്റാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ
- ഹാങ്ജോ ഏഷ്യൻ ഗെയിംസ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ.

## വാർത്തകൾ വിശദമായി

**മിന്നൽ പ്രളയം നേരിട്ട സിക്കിമിന് അടിയന്തര സഹായമായി 45 കോടി രൂപ നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. സിക്കിമിലെ നാശനഷ്ടങ്ങൾ വിലയിരുത്താൻ മന്ത്രിതല സമിതി രൂപീകരിക്കാനും ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. സംഘത്തിന്റെ റിപ്പോർട്ട് അനുസരിച്ച് സിക്കിമിന് നൽകേണ്ട അധിക ധനസഹായം പ്രഖ്യാപിക്കും.**

**പ്രളയത്തിൽ കാണാതായ 22 സൈനികർ ഉൾപ്പെടെ ആളുകളെ കണ്ടെത്താൻ ശ്രമം തുടരുകയാണ്. വടക്കൻ സിക്കിമിൽ കുടുങ്ങിയ ടൂറിസ്റ്റുകൾക്കും സിവിലിയൻമാർക്കും ഭക്ഷണവും വൈദ്യ സഹായവും സൈന്യം എത്തിക്കുന്നുണ്ട്.**

✪✪✪

**പലിശ നിരക്കിൽ മാറ്റമില്ലാതെ റിസർവ്വ് ബാങ്ക് അടുത്ത രണ്ട് മാസത്തെ സാമ്പത്തിക നയം പ്രഖ്യാപിച്ചു. റിപ്പൊ 6.5 ശതമാനമായി തുടരും. തുടർച്ചയായി നാലാം തവണയാണ് നിരക്ക് വർദ്ധനയില്ലാത്ത സാമ്പത്തിക നയപ്രഖ്യാപനം.**

✪✪✪

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡിമാൻഡ് അടിസ്ഥാനമാക്കിയ വേതന തൊഴിൽ പരിപാടിയാണെന്നും സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഫണ്ട് അനുവദിക്കുന്നത് തുടർച്ചയായ പ്രക്രിയയാണെന്നും മന്ത്രാലയം വ്യക്തമാക്കി. ജോലിയുടെ ആവശ്യം കണക്കിലെടുത്ത് കേന്ദ്ര ഗവണ്മെന്റ് ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.**

✪✪✪

**മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, തെലങ്കാന, മിസോറാം, സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളും തിയതികളും തീരുമാനിക്കാൻ**

നിരീക്ഷകരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനാണ് യോഗം വിളിച്ചു ചേർത്തത്.

✪✪✪

മുംബൈയിലെ ഗൊരേഗാവിൽ ബഹുനില കെട്ടിടത്തിന് തീ പിടിച്ച് 6 പേർ മരിച്ചു. 31- പേർക്ക് പരിക്കേറ്റു- 30 ലേറെ പേരെ രക്ഷപ്പെടുത്തി. അഗ്നി സുരക്ഷാ സേന തീ പിടുത്തം നിയന്ത്രണ വിധേയമാക്കി.

✪✪✪

തമിഴ്നാട്ടിലെ നാഗപട്ടണത്ത് പടക്ക നിർമ്മാണത്തിനിടെ ഇന്നലെയുണ്ടായ സ്ഫോടനത്തിൽ 4 പേർ മരിച്ചു. പരിക്കേറ്റവരെ നാഗപട്ടണത്തെ ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ജില്ലാ പൊലീസ് മേധാവി SP ഹരിഷ് സിംഗ് അറിയിച്ചു. സംഭവത്തോടനുബന്ധിച്ച് ഒരാളെ അറസ്റ്റ് ചെയ്തു.

✪✪✪

ഗവണ്മെന്റ് ഓഫീസുകളിൽ ശുചിത്വം പാലിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനും സ്വച്ഛ്ഭാരത് സ്പെഷ്യൽ ക്യാമ്പയിൻ 3.0 യുടെ ഭാഗമായി ദ്രുതഗതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര ഭരണപരിഷ്ക്കാര - പൊതു ഭരണവകുപ്പ് മന്ത്രാലയം അറിയിച്ചു. ഗാന്ധി ജയന്തി ദിനത്തിൽ ആരംഭിച്ച പ്രചാരണ പ്രവർത്തനങ്ങൾ ഈ മാസം 31 വരെ തുടരും.

✪✪✪

ഇന്നലെ അന്തരിച്ച CITU നേതാവ് ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ നടത്തും. ഇപ്പോൾ AKG സെന്ററിൽ ഭൗതികദേഹം പൊതുദർശനത്തിനു വെച്ചിരിക്കുകയാണ്. രണ്ടു മുതൽ CITU സംസ്ഥാന കമ്മിറ്റി ഓഫീസിലും പൊതുദർശനമുണ്ട്.

അർബുദ രോഗബാധയെത്തുടർന്ന് ഇന്നലെ വൈകിട്ട് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു 86 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

മൂന്നു തവണ ആറ്റിങ്ങലിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം 2006 മുതൽ 2011 വരെ നിയമസഭയിൽ ചീഫ് വിപ്പായിരുന്നു. കയർഫെഡ് ചെയർമാൻ, കയർബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

മുതിർന്ന CPIM നേതാവ് ആനത്തലവട്ടം ആനന്ദന്റെ നിര്യാണത്തിൽ ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു. നിയമസഭാ സ്പീക്കർ AN ഷംസീർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് V.D സതീശൻ, കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല തുടങ്ങിയവരും അനുശോചനം അറിയിച്ചു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ പെരളശ്ശേരിയിൽ ഇന്ന് വൈകീട്ട് നടത്താനിരുന്ന കുടുംബസംഗമം മാറ്റി. ആനത്തലവട്ടം ആനന്ദന്റെ നിര്യാണത്തെത്തുടർന്നാണ്

പരിപാടി മാറ്റിയത്. അടുത്ത ദിവസങ്ങളിലെ സംഗമങ്ങൾ നേരത്തെ നിശ്ചയിച്ചതുപോലെ നടക്കും.

✪✪✪

കോഴിക്കോട് കാപ്പാട് തീര സംരക്ഷണത്തിനായി കേന്ദ്ര ഏജൻസിയായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ നിർദേശം നൽകിയതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. പയ്യോളി നഗരസഭയിൽ തീരദേശ കുടിവെള്ള പദ്ധതി പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നിയമന കോഴയിൽ പ്രതിയായ അഖിൽ സജീവിനെ പോലീസ് അറസ്റ്റ് ചെയ്തു. തേനി ബസ് സ്റ്റാന്റ് പരിസരത്ത് നിന്ന് അറസ്റ്റ് ചെയ്ത ഇയാളെ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ എത്തിച്ചു. CITU ഓഫീസിലെ തട്ടിപ്പ് കേസിലും സ്പൈസസ് ബോർഡിലെ ജോലിത്തട്ടിപ്പ് കേസിലുമാണ് അറസ്റ്റ്.

✪✪✪

ഇന്ന് ലോക സെറിബ്രൽ പാൽസി ദിനം. ഒന്നിച്ച് കൂടുതൽ ശക്തരാകാം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ശരീരത്തിന്റെ ചലന ശേഷിയും സന്തുലനവും ഘടനയും നഷ്ടമാക്കുന്ന വൈകല്യങ്ങളാണ് സെറിബ്രൽ പാൽസി.

✪✪✪

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന നീരുറവ് പദ്ധതി സംബന്ധിച്ച് ജില്ലാ സാങ്കേതിക സമിതി അംഗങ്ങളുടെ സംസ്ഥാനതല ശിൽപശാല തിരുവനന്തപുരം വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ ആരംഭിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് ഈ വർഷം കഠിനമായ ജല ദൗർലഭ്യം ഉണ്ടാകുമെന്ന വിലയിരുത്തലിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പാക്കാനാണ് തീരുമാനം.

✪✪✪

A.I ക്യാമറകൾ സ്ഥാപിച്ചതിന് ശേഷം സംസ്ഥാനത്ത് അപകടങ്ങൾ കുറഞ്ഞെന്ന മുഖ്യമന്ത്രിയുടെയും ഗതാഗത മന്ത്രിയുടെയും വാദം തെറ്റാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. നിയമസഭയിലും പുറത്തും കള്ളം ആവർത്തിച്ചതു കൂടാതെ ഗവൺമെന്റ് ഹൈക്കോടതിയെ ഇക്കാര്യത്തിൽ തെറ്റിദ്ധരിപ്പിച്ചെന്നും V.D. സതീശൻ തിരുവനന്തപുരത്ത് ആരോപിച്ചു.

ഗതാഗത മന്ത്രി സത്യപ്രതിജ്ഞാ ലംഘനമാണ് നടത്തിയെന്നും അദ്ദേഹം രാജിവെച്ച് ഒഴിയണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

✪✪✪

ഹാങ്ജോ ഏഷ്യൻ ഗെയിംസ് പുരുഷ ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ കടന്നു. സെമിയിൽ ബംഗ്ലാദേശിനെ 9 വിക്കറ്റിന് തകർത്താണ് ഫൈനലിൽ എത്തിയത്.

അമ്പെയ്ത്തിൽ വനിതകളുടെ റിക്കർവ് ഇനത്തിൽ ഇന്ത്യൻ ടീം വെങ്കലം നേടി. അങ്കിത ഭഗത്, സിമ്രൻജീത് കൗർ, ഭജൻ കൗർ സഖ്യമാണ് വിയറ്റ്നാമിനെ പരാജയപ്പെടുത്തി വെങ്കലം സ്വന്തമാക്കിയത്.

ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ മലയാളി താരം HS പ്രണോയ് വെങ്കലം നേടി. ചൈനയുടെ ലീ ഷീ ഫെങ്ങിനോടാണ് പ്രണോയ് പരാജയപ്പെട്ടത്.

പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. വൈകീട്ട് 4 നാണ് മത്സരം. ജയിക്കാനായാൽ ഇന്ത്യ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടും.

21 സ്വർണവും 32 വെള്ളിയും 35 വെങ്കലവുമടക്കം 88 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം. മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

✪✪✪

ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ നെതർലാന്റ്സിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിനാണ് മത്സരം.

ഉദ്ഘാടന മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ഇംഗ്ലണ്ടിനെ ന്യൂസിലന്റ് ഒൻപത് വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

അടുത്തമാസം രണ്ടിന് ഗോവ ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ബീച്ച് വോളി പുരുഷ - വനിതാ ടീമുകളുടെ

സെലക്ഷൻ നാളെ കോഴിക്കോട് ബീച്ചിൽ നടക്കുമെന്ന് സംസ്ഥാന വോളിബോൾ ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ CK ഉസ്മാൻഹാജി അറിയിച്ചു. രാവിലെ എട്ടിന് സെലക്ഷൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഡാമുകളിലും വെള്ളക്കെട്ടുകളിലും തെരച്ചിൽ നടത്താൻ അഗ്നിരക്ഷാസേനക്കായി സജ്ജമാക്കിയ അണ്ടർ വാട്ടർ കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിന്റെ സുരക്ഷാ പരിശോധന പൂർത്തിയായി. ഇടുക്കി ജില്ലാ സ്കൂബാ ടീമിന്റെ നേതൃത്വത്തിൽ മലങ്കര ജലാശയത്തിലായിരുന്നു പരിശോധന.

കുളങ്ങൾ, പാറമടകൾ, ഡാമുകൾ തുടങ്ങി ഒഴുക്കില്ലാത്ത ജലസ്രോതസുകളിൽ കൂടുതൽ ഉപകാരപ്രദമാണ് പുതിയ രീതിയെന്ന് അഗ്നി രക്ഷാസേനാ അധികൃതർ പറഞ്ഞു.

✪✪✪

കണ്ണൂർ ചിറക്കൽ കുണ്ടൻചാൽ കോളനിയിൽ മണ്ണൊലിപ്പിനെ തുടർന്ന് അപകടാവസ്ഥയിലായ 32 വീടുകളിലെ താമസക്കാരെയും പുനരധിവസിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോഴിക്കോട് നടത്തിയ മേഖലാതല അവലോകന യോഗത്തിലാണ് തീരുമാനം.

ലൈഫ് പദ്ധതിയിൽപെടുത്തി ഓരോ കുടുംബത്തിനും വീട് വെച്ചു നൽകുകയോ കാട്ടാമ്പള്ളിയിൽ ഭവന സമുച്ചയം നിർമ്മിക്കുകയോ ചെയ്യാനാണ് ആലോചന. ഇതിനു പദ്ധതി

തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചതായി ജില്ലാ കളക്ടർ എസ് ചന്ദ്രശേഖർ അറിയിച്ചു.

✪✪✪

സഹകരണ മേഖലയിലെ ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്താൻ നിയമ ഭേദഗതിയുൾപ്പെടെ ശക്തമായ നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കോഴിക്കോട് സഹകരണ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ചേർന്ന സഹകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സഹകരണ സംഘങ്ങളിലെ പരിശോധന കർശനമാക്കും. കൺകറന്റ് ഓഡിറ്റിംഗ് മാറ്റി ടീം ഓഡിറ്റിംഗ് കൊണ്ടു വരുകയാണ്. ഭരണ സമിതിയിൽ മൂന്നു തവണയിൽ കൂടുതൽ ഒരാൾക്ക് ഇരിക്കാനാവില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

UDF ഏകോപന സമിതിയോഗം പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയായ തിരുവനന്തപുരം കന്റോൺമെന്റ് ഹൗസിൽ തുടങ്ങി. സംസ്ഥാന ഗവൺമെന്റിന്റെ മണ്ഡലതല ജനസദസ്സിന് ബദൽ പരിപാടിയും സഹകരണ ബാങ്കുകളിലെ ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സഹകാരികളുടെ കൺവെൻഷൻ വിളിക്കുന്ന കാര്യവും യോഗം ചർച്ച ചെയ്തേക്കും.

✪✪✪

അഭിലാഷ ബ്ലോക്ക് പരിപാടിയുടെ ഭാഗമായി കാസർഗോഡ് പരപ്പ ബ്ലോക്കിൽ നടക്കുന്ന സങ്കൽപ് സപ്താഹിന്റെ നാലാം ദിവസമായ ഇന്ന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കൃഷി മഹോത്സവ് സംഘടിപ്പിക്കും. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സെമിനാർ, മൊബൈൽ മണ്ണ് പരിശോധന, അഗ്രി ക്ലിനിക്ക് തുടങ്ങിയവ ഇതിന്റെ ഭാഗമായി ഒരുക്കും.

✪✪✪

കൊച്ചി മുനമ്പത്തിനടുത്ത് മത്സ്യബന്ധന ബോട്ട് മുങ്ങി കാണാതായവർക്കു വേണ്ടി തെരച്ചിൽ തുടരുന്നു. മാലിപ്പുറത്തുനിന്ന് പോയ ബോട്ടാണ് മുങ്ങിയത് - മൂന്നു പേരെ രക്ഷപ്പെടുത്തിയിരുന്നു. നാവികസേന ഹെലികോപ്റ്ററും ഇവരെ കണ്ടെത്താൻ തെരച്ചിൽ നടത്തി വരികയാണ്.

✪✪✪

കോഴിക്കോട് കല്ലുത്താൻ കടവിലെ ഫ്ലാറ്റ് നാല് വർഷം കൊണ്ട് തകർന്ന് തുടങ്ങിയതിന് കാരണം അശാസ്ത്രീയമായ നിർമ്മാണമാണെന്ന് BJP സംസ്ഥാന വൈസ് പ്രസിഡന്റ് ശോഭാ സുരേന്ദ്രൻ കുറ്റപ്പെടുത്തി.

BJP നേതാക്കളോടൊപ്പം ഫ്ലാറ്റ് സന്ദർശിച്ച അവർ, ഫ്ലാറ്റുകളിലെ കുടുംബങ്ങൾ ഒപ്പ് വെച്ച പരാതി മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട അധികാരികൾക്കും നൽകുമെന്നും പരിഹാരം കാണാത്ത പക്ഷം ശക്തമായ സമരം സംഘടിപ്പിക്കുമെന്നും പറഞ്ഞു.

✪✪✪